A2/281/2022-CLAD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരികകാര്യ വകുപ്പ് - പാലക്കാട് ജില്ലയിലെ ലക്കിടി കിള്ളിക്കുറിശ്ശിമംഗലത്ത് പ്രവർത്തിക്കുന്ന കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന് ധനസഹായം അനുവദിച്ചുത്തരവാകുന്നു.

---

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.213/2024/CLAD തീയതി,തിരുവനന്തപുരം, 20-04-2024

---

പരാമർശം:-

1. കുഞ്ചൻ നമ്പ്യാർ സ്മാരക സെക്രട്ടറിയുടെ 21.03.2024 തീയതിയിലെ അപേക്ഷ.
2. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 23.01.2024 തീയതിയിലെ എ2-1194/23/സാം.വ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ ലക്കിടി കിള്ളിക്കുറിശ്ശിമംഗലത്ത് പ്രവർത്തിക്കുന്ന കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന് ധനസഹായം അനുവദിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് സ്ഥാപന സെക്രട്ടറി പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പരാമർശം (2) പ്രകാരം, സാംസ്കാരിക വകുപ്പ് ഡയറക്ടർ ഈ അപേക്ഷ ശിപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 2024-25 സാമ്പത്തിക വർഷം, ഉൽകൃഷ്ടരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും സ്മാരകങ്ങൾക്ക് ധനസഹായം നൽകുന്ന "2205-00-102-98-36-നോൺപ്ലാൻ" എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്നും 5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) പാലക്കാട് ജില്ലയിലെ ലക്കിടി കിള്ളിക്കുറിശ്ശിമംഗലത്ത് പ്രവർത്തിക്കുന്ന കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന് ധനസഹായമായി അനുവദിച്ചുത്തരവാകുന്നു.

3. പ്രസ്തുത തുക ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പറും അനുബന്ധ വിശദാംശങ്ങളും കുഞ്ചൻ നമ്പ്യാർ സ്മാരക സെക്രട്ടറി, സാംസ്കാരികവകുപ്പ് ഡയറക്ടറുടെ തിരുവനന്തപുരത്തെ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതും ടി തുക കൈപ്പറ്റി മൂന്ന് മാസത്തിനകം ധനവിനിയോഗ സർട്ടിഫിക്കറ്റ്

സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരികവകുപ്പ് ഡയറക്ടർക്കും ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാജേഷ് ജി ആർ

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, കുഞ്ചൻ നമ്പ്യാർ സ്മാരകം, കിള്ളിക്കുറിശ്ശിമംഗലം, ലക്കിടി, പാലക്കാട്

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട്, ഫോർട്ട് പി.ഒ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ആഡിറ്റ്) ), കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫിസർ, വെബ് ആന്റ് ന്യൂ മീഡിയാ ഡിവിഷൻ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
Date: 20-04-2024 17:04:00

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു.സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറിയുടെ പി.എ-യ്ക്ക്